## പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം

## (EDUCATION)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**
**(2013-2014)**

**THIRD REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2013-2014)**

2013 ജൂൺ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th June, 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

വിദ്യാഭ്യാസം

(EDUCATION)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്
(2013-14)

THIRD REPORT

ON

THE SCRUTINY OF DEMANDS FOR GRANTS

(2013-14)

716/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VI
## വിദ്യാഭ്യാസം
## (2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എം. എ. ബേബി

,, ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ശ്രീ. ജോസഫ് വാഴക്കൻ

,, റ്റി. വി. രാജേഷ്

,, ഷാഫി പറമ്പിൽ

,, എം. ഉമ്മർ

,, പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി.

,, കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.

,, തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## അവതാരിക

2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്റ്റ് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2013 ഏപ്രിൽ 17, 24 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശരേഖകൾക്കും വിധേയമായി ധനാഭ്യർത്ഥന നമ്പർ XVII (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം)-ൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2013 മേയ് മാസം 7-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VI.*

തിരുവനന്തപുരം,
2013 മേയ് 7.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

വോട്ട് ചെയ്തത് : 12,30,842.50 ലക്ഷം രൂപ

ചാർജ് ചെയ്തത് : 10 ലക്ഷം രൂപ

### പൊതുവിദ്യാഭ്യാസ വകുപ്പ്

2202-02-001-85—സ്കൂൾ വിദ്യാഭ്യാസം—നവീകരണം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 313 ലക്ഷം രൂപ

1. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകൾ നവീകരിക്കുന്നതിനും കമ്പ്യൂട്ടർ/ഇന്റർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഫോട്ടോ കോപ്പിയറുകൾ, ഫാക്സ് മെഷീനുകൾ, ഫർണീച്ചറുകൾ തുടങ്ങിയവ വാങ്ങുന്നതിനും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന അദ്ധ്യാപക രക്ഷാകർതൃ സമിതികൾക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകുന്നതിനുമായി ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 87 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-71—അക്കാദമിക് എക്സലൻസ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 625 ലക്ഷം രൂപ

2. സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പുവരുത്തുന്നതിനും അദ്ധ്യാപക പരിശീലനം നൽകുന്നതിനുമായി ആവിഷ്ക്കരിച്ച ഈ പദ്ധതിയിൽ സെക്കണ്ടറി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കുക, ഗുണനിലവാരമുള്ള വിദ്യാഭ്യാസം-വിദ്യാർത്ഥിയുടെ അവകാശം, സംസ്കൃത വിദ്യാഭ്യാസ വികസനം, ഗണിത ശാസ്ത്രം, സയൻസ്, സാമൂഹിക ശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തുക, പൊതുവിദ്യാഭ്യാസ വകുപ്പിലേയും അതിന്റെ കീഴിലുള്ള ഓഫീസുകളിലേയും ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക, ഇംഗ്ലീഷ് ഭാഷ ജില്ലാ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക, വിഭിന്ന ശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുക, അന്തർദേശീയ ദ്രാവിഡ ഭാഷാ സ്ഥാപനം മികവുറ്റതാക്കുക എന്നീ പരിപാടികളാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം—വിദ്യാർത്ഥി കേന്ദ്രീകൃതം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 2002 ലക്ഷം രൂപ

3. വ്യത്യസ്തങ്ങളായ വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളും പ്രവൃത്തിയിലധിഷ്ഠിതമായ പഠനരീതിയും വിദ്യാർത്ഥികളുടെ ഭാവനാ രൂപീകരണത്തിനും ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കാനും അഭിരുചി വർദ്ധിപ്പിക്കുന്നതിനും നിരൂപണത്തിലും സർഗ്ഗാത്മകതയിലും സഹായിക്കുന്നു. അതിനായി ലക്ഷ്യമിടുന്ന സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി പരിശീലന പരിപാടി, പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ, കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം, വികലാംഗരായ വിദ്യാർത്ഥികൾക്ക് ധനസഹായം, ബഹുതല പഠനകേന്ദ്രങ്ങൾ, പ്രീ-പ്രൈമറി വിദ്യാഭ്യാസം ക്രോഡീകരിക്കൽ എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-69—സ്കൂൾ വിദ്യാഭ്യാസം—അടിസ്ഥാന സൗകര്യം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 2260 ലക്ഷം രൂപ

4. സർക്കാർ സ്കൂൾ കെട്ടിടങ്ങളിൽ ഭൂരിഭാഗവും വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടാത്തതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുട്ടികൾ അൺ എയ്ഡഡ് സ്കൂളുകളിലേക്ക് മാറി പോകുന്നതിന് ഇത് ഒരു കാരണമാണ്. പരിസ്ഥിതി സൗഹൃദമായ അടിസ്ഥാന സൗകര്യവികസനത്തിലൂടെ ഈ പ്രവണത ഒരു പരിധിവരെ കുറയ്ക്കാനാകുമെന്ന് സമിതി കരുതുന്നു. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യമിടുന്നതിനോടൊപ്പം ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സ്കൂളുകളിലെ വിവര വിനിമയ സാങ്കേതികവിദ്യ പദ്ധതി/എഡ്യൂക്കേഷണൽ ടെക്നോളജി സ്കീം, സർക്കാർ സ്കൂളുകളെ ആധുനികവൽക്കരിച്ച് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. മാത്രമല്ല 'ഐ.ടി അറ്റ് സ്കൂൾ' പദ്ധതിയ്ക്ക് ലഭിച്ചുവന്നിരുന്ന 75% കേന്ദ്രവിഹിതം നിർത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 2,000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-93—അടിസ്ഥാന സൗകര്യം—സ്കൂൾ വിദ്യാഭ്യാസം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 400 ലക്ഷം രൂപ

5. പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലെയും സർക്കാർ സ്കൂളുകളെ ആധുനികവൽക്കരിച്ച് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിശാലമായ

കെട്ടിടങ്ങൾ, ആഡിറ്റോറിയങ്ങൾ, സജ്ജീകരിച്ച ഭക്ഷണമുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ തുടങ്ങിയവ പണിയേണ്ടത് അനിവാര്യമാണ്. സർക്കാർ സ്കൂളുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,000 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-101-99—ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 67249.36 ലക്ഷം രൂപ

6. സംസ്ഥാനത്തെ 2542 ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ 2009 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമേ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-101-98—ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 57292.82 ലക്ഷം രൂപ

7. സംസ്ഥാനത്തെ 953 ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ 2009 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-99—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം—ടീച്ചിംഗ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 246346.30 ലക്ഷം രൂപ

8. സംസ്ഥാനത്തെ 5849 എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ 2008 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-104-99—പരിശോധന

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 5761.06 ലക്ഷം രൂപ

9. സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ 2008 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-112-93—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 3317.89 ലക്ഷം രൂപ

10. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണപരിപാടിയുടെ ഭാഗമായുള്ള ആഴ്ചയിൽ ഒരു മുട്ട എന്ന പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2384 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-800-81—പി.ടി.എ.-യുടെ നിയന്ത്രണത്തിലുള്ള പ്രീ പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 200 ലക്ഷം രൂപ

11. പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീപ്രൈമറി അദ്ധ്യാപികമാർക്കും 758 ആയമാർക്കും ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം യഥാക്രമം 5000, 3500 എന്ന നിരക്കിൽ സഹായധനം നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 677 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-99—ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 1596.84 ലക്ഷം രൂപ

12. വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 380 ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-98—മുഖ്യജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 3951.11 ലക്ഷം രൂപ

13. സംസ്ഥാനത്തെ 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-86—സംസ്ഥാന സ്കൂൾ യുവജനോത്സവം—സമ്മാനതുക

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 32 ലക്ഷം രൂപ

14. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 2000 രൂപ, 1600 രൂപ, 1200 രൂപ എന്നീ നിരക്കിലുള്ള സമ്മാനത്തുക നൽകിവരുന്നു. നിലവിലുള്ള ബഡ്ജറ്റ് വിഹിതം 2012-13-ലെ വിജയികൾക്ക് സമ്മാനം നൽകുന്നതിന് വകയിരുത്തിയിട്ടുള്ളതായതിനാൽ 2013-14-ലെ സ്കൂൾ യുവജനോത്സവ വിജയികൾക്ക് സമ്മാനത്തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 38 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-101-99—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ—പരിശോധന

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 2956.31 ലക്ഷം രൂപ

15. 38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ 852 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-99—ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 87075.67 ലക്ഷം രൂപ

16. സംസ്ഥാനത്തെ 1006 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ 2008 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-99—ഗവൺമെന്റേതര സെക്കണ്ടറി സ്കൂളുകൾക്കുള്ള സഹായം—അദ്ധ്യാപനത്തിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 162640.15 ലക്ഷം രൂപ

17. സംസ്ഥാനത്തെ 1429 എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള 2008 മുതലുള്ള കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-800-98—കമ്മിറ്റികൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 1.65 ലക്ഷം രൂപ

18. ജില്ലാതലത്തിൽ 2012-13-ൽ അദ്ധ്യാപകദിനം സംഘടിപ്പിച്ചതിന്റെ കുടിശ്ശിക നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

2202-03-112-95—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 450 ലക്ഷം രൂപ

പദ്ധതിയേതരം : 192 ലക്ഷം രൂപ

19. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും പരിഷ്കരിച്ച ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ

അധിക സാമ്പത്തികബാദ്ധ്യത നേരിടുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 101.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

2203-00-001-99—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറാഫീസ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 665.68 ലക്ഷം രൂപ

20. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഏർപ്പെടുത്തിയ ഡി.ഡി.എഫ്.എസ്. സിസ്റ്റം എല്ലാ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുക, ഓഫീസ് നവീകരണം, പൂന്തോട്ടം, റീവയറിംഗ്, ലിഫ്റ്റ് സ്ഥാപിക്കൽ എന്നിവയ്ക്കും കോതമംഗലം റീജിയണൽ ഡയറക്ടറേറ്റിന്റെ ഓഫീസ് നവീകരണവും അറ്റകുറ്റപ്പണികളും, സങ്കേതിക പരീക്ഷാ കൺട്രോളർ ഓഫീസിലെ റിക്കാർഡുകളും ഫയലുകളും ഡിജിറ്റലൈസ് ചെയ്യുക, വെബ്സൈറ്റുകൾ അപ്ഗ്രേഡ് ചെയ്യുക, പരീക്ഷാ വിഭാഗം പൂർണ്ണമായും ഇ-പ്ലാറ്റ്ഫോമിൽ പ്രവർത്തിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 133 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-96—തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് വികസനത്തിന്

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 100 ലക്ഷം രൂപ

21. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന് ആധുനികരീതിയിലുള്ള മെഷിനറികൾ, ലബോറട്ടറി ഉപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ വാങ്ങുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-003-99—ഫാക്കൽട്ടിയുടെ വികസനം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 200 ലക്ഷം രൂപ

22. എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽട്ടി ഡവലപ്മെന്റ് എന്ന പദ്ധതി പ്രകാരമുള്ള ഫുൾടൈം എം.ടെക്./പി.എച്ച്.ഡി. കോഴ്സ് സംഘടിപ്പിക്കുക, എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവുകൾ വഹിക്കുക, അദ്ധ്യാപകരുടെ യോഗങ്ങൾ നടത്തുക, സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും നടത്തുക എന്നീ പരിപാടികൾക്കുള്ള ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. എം.ടെക്, പി.എച്ച്.ഡി. എന്നിവയ്ക്ക് സ്പോൺസർ ചെയ്യുന്ന ഫാക്കൽട്ടികളുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഈ ഹെഡിൽനിന്നും വഹിക്കേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ 520 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-99—ഗവൺമെന്റ് പോളിടെക്നിക്കുകൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 100 ലക്ഷം രൂപ

പദ്ധതിയേതരം : 8,566.07 ലക്ഷം രൂപ

23. സംസ്ഥാനത്തെ 43 സർക്കാർ പോളിടെക്നിക്കുകളിൽ പലതും കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ അറ്റകുറ്റപ്പണികൾ, റീവയറിംഗ് എന്നിവ നടത്തുന്നതിനും ജനറൽ പോളിടെക്നിക് വിഭാഗത്തിൽ വരുന്ന 27 പോളിടെക്നിക്കുകളിൽ മെഷിനറികൾ, ഉപകരണങ്ങൾ, ഫർണീച്ചറുകൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 80 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-81—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 200 ലക്ഷം രൂപ

24. ആരംഭിച്ചിട്ട് പത്ത് വർഷത്തിലധികമായതും പിന്നാക്കാവസ്ഥയിലുള്ളതുമായ കോഴിക്കോട്, ഇടുക്കി, വയനാട്, ബാർട്ടൺഹിൽ, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. യുടെ നിലവാരത്തിന് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആധുനികരീതിയിലുള്ള മെഷിനറികൾ, ഫർണീച്ചറുകൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-003-93—ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, കളമശ്ശേരി ധനസഹായം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 100 ലക്ഷം രൂപ

25. വിവിധ വ്യവസായ സംരംഭങ്ങളിലെ വിദഗ്ദ്ധരെക്കൊണ്ട് ആധുനിക സാങ്കേതിക വിദ്യയിൽ എഞ്ചിനീയറിംഗ്/പോളിടെക്നിക് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന 'Adjunct Faculty' എന്ന സ്കീമിന്റെ നടത്തിപ്പിൽ ഫാക്കൽട്ടികളുടെ വേതനംകൂടി ഈ സ്കീമിൽനിന്നും വഹിക്കേണ്ടിവരുന്നതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമേ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-103-99—ടെക്നിക്കൽ ഹൈസ്ക്കൂളുകൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 100 ലക്ഷം രൂപ

26. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 39 ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ പലതും കാലപ്പഴക്കംചെന്നതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയുമാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതും അടുത്തകാലത്ത് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചതുമായ

ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ ആധുനിക ഉപകരണങ്ങളും മെഷിനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-70—എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും വിവര വിനിമയ സാങ്കേതികവിദ്യ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 150 ലക്ഷം രൂപ

27. എഞ്ചിനീയറിംഗ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഡിജിറ്റൽ ക്ലാസ്സ് മുറികൾ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും നിർമ്മിക്കുന്നതിനും ഡിജിറ്റൽ ലൈബ്രറികൾ, ഡിജിറ്റൽ ഫാക്കൽറ്റി മുറികൾ, ക്യാമ്പസ് നെറ്റ് വർക്കിംഗ്, ഓൺലൈൻ കോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്നീ പ്രവർത്തനങ്ങൾ സാങ്കേതിക സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-001-95—എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഗ്രന്ഥശാലകൾ ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 100 ലക്ഷം രൂപ

28. ഒരു പോളിടെക്നിക് ലൈബ്രറിയുടെ നവീകരണത്തിനും ഡിജിറ്റൈസേഷനുമായി 10 ലക്ഷം രൂപ ആവശ്യമാണ്. 2013-14-ൽ 20 പോളിടെക്നിക്കുകളെങ്കിലും ഈ സ്കീമിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-004-96—എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലേയും ഗവേഷണത്തിനുള്ള സ്കോളർഷിപ്പ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 50 ലക്ഷം രൂപ

29. എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണ സ്കോളർഷിപ്പ് എന്ന സ്കീമിന് 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും ഗേറ്റ് സ്കോളർഷിപ്പുകളില്ലാത്ത അർഹതയുള്ള സമർത്ഥരായ എല്ലാ എം.ടെക്. വിദ്യാർത്ഥികൾക്കുംകൂടി സ്കോളർഷിപ്പ് നൽകുന്നതിന് ഈ തുക അപര്യാപ്തമാണ്. അതിനാൽ 10 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-65—രണ്ട് കോളേജുകളിൽ ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി കേന്ദ്രം (എ.എസ്.എ.പി.)

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 200 ലക്ഷം രൂപ

30. തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ക്യൂ.ഐ.പി. കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെയും തൃശ്ശൂരിലെയും എഞ്ചിനീയറിംഗ് കോളേജുകൾക്ക് പുറമേ കോട്ടയം ആർ.ഐ.റ്റി.യേയും ക്യൂ.ഐ.പി. സെന്റർ ആയി എ.ഐ.സി.റ്റി.ഇ. അംഗീകരിച്ചിട്ടുണ്ട്. ആർ.ഐ.റ്റി.യിൽ 3 ബ്രാഞ്ചുകളിലായി 6 ഫാക്കൽറ്റികൾക്ക് പി.എച്ച്.ഡി. ചെയ്യാവുന്നതാണ്. അതിനാൽ ഈ ശീർഷകത്തിൽ 130 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-105-99—ലൈബ്രറികൾ, ഗ്രന്ഥശാല സംഘം മുതലായവ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 70 ലക്ഷം രൂപ

പദ്ധതിയേതരം : 1,633.5 ലക്ഷം രൂപ

31. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗ ലൈബ്രറികൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 483.5 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-102-90—സംസ്ഥാനതല നാഷണൽ സർവ്വീസ് സ്കീം സെൽ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 44.15 ലക്ഷം രൂപ

പദ്ധതിയേതരം : ഇല്ല

32. എൻ.എസ്.എസ്. വോളന്റിയർമാരുടെ നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനും അവരിൽ സ്വാശ്രയബോധം, സ്വതന്ത്രചിന്ത, ഉയർന്ന ദേശീയബോധം, മതനിരപേക്ഷത, ശക്തമായ മൂല്യബോധം, ദേശീയ പുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളികൾ ആക്കുന്നതിന്റെയും ഭാഗമായി ജില്ലാതല പരിശീലന പരിപാടികൾ നടത്തുന്നതിനായി 37.38 ലക്ഷം രൂപയും വർദ്ധിച്ചുവരുന്ന മദ്യം മയക്കുമരുന്ന് ഉപയോഗത്തിന് എതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി യൂണിറ്റ്തല പരിപാടികൾ നടത്തുന്നതിന് 55 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-102-99—നാഷണൽ കേഡറ്റ് കോർ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 42 ലക്ഷം രൂപ

പദ്ധതിയേതരം : 3,861.30 ലക്ഷം രൂപ

33. എൻ.സി.സി. കേഡറ്റുകൾക്കും എ.എൻ.ഒ.മാർക്കും കൊടുക്കേണ്ട ലഘു ഭക്ഷണനിരക്ക് 2 രൂപയിൽനിന്നും 15 രൂപയിലേക്ക് 25-10-2012 മുതൽ ഉയർത്തിയ

സാഹചര്യത്തിൽ ഈ ഇനത്തിലുണ്ടായ അധികതുക നൽകുന്നതിനും കുടിശ്ശിക തീർക്കുന്നതിനുമായി 1,237 ലക്ഷം രൂപ '34 മറ്റു ചെലവുകൾ' എന്ന ശീർഷക ത്തിലും 15 ലക്ഷം രൂപ യാത്രാബത്ത ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-001-95—പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷ കമ്മീഷണറേറ്റ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 2,357.4 ലക്ഷം രൂപ

34. പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിന് വേതനം, ഓഫീസ് ചെലവുകൾ, വാടക, കരം, നികുതി, രഹസ്യസേവന ചെലവുകൾ, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 202.41 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-800-97—ശാസ്ത്ര സാങ്കേതിക മ്യൂസിയം ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം—ഇല്ല

35. ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ എഡ്യൂക്കേഷണൽ ഔട്ട്റീച്ച് പ്രോഗ്രാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ പര്യടനം നടത്തി പ്രദർശനങ്ങൾ സംഘടിപ്പിക്കുന്ന തിന് 100 ലക്ഷം രൂപയും ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തിക്കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ഇൻകൾക്കേറ്റ് പ്രോഗ്രാമിന്റെ കാര്യക്ഷമമായ നടത്തിപ്പിന് 130 ലക്ഷം രൂപയും കോട്ടയം റീജിയണൽ സയൻസ് സെന്ററിന്റെ 'സയൻസ് സിറ്റി' പദ്ധതിക്ക് 1,700 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 200 ലക്ഷം രൂപ

പദ്ധതിയേതരം : 48.30 ലക്ഷം രൂപ

36. കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി.ആപ്റ്റ്)-ലെ പിരിച്ചുവിടപ്പെട്ട ജിവനക്കാരുടെ ശമ്പള കുടിശ്ശിക, നിലവിലുള്ള ജീവനക്കാരുടെ ശമ്പള കുടിശ്ശിക, സാധന സാമഗ്രികൾ വാങ്ങിയതിലുള്ള സബ്സെന്ററു കളിലെ ക്രെഡിറ്റേഴ്സിന്റെ കുടിശ്ശിക, സബ്സെന്ററുകളിലെ കെട്ടിട ഉടമകളുടെ വാടക കുടിശ്ശിക എന്നിവ സംബന്ധിച്ച ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 776.70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. സി.ആപ്റ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ബ്രെയിലിയുമായി ബന്ധപ്പെട്ട വിഭവ കേന്ദ്രം സ്ഥാപിക്കുക, ഹെഡ് ഓഫീസ് കോംപ്ലക്സുകളുടെ ശാക്തീകരണം, ഹെഡ് ഓഫീസുകളുടെയും സബ്ഓഫീസു

കളുടെയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും വിപുലീകരണവും പാലായിലും കോഴിക്കോട്ടുമുള്ള സബ്സെന്ററുകളിൽ ഉൽപ്പാദന യൂണിറ്റും പാലായിലെ സബ്സെന്ററിൽ ലോട്ടറി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുക, പരിശീലന വിഭാഗങ്ങളുടെ ശാക്തീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ യൂണിറ്റുകൾക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 22.15 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-60—ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,200 ലക്ഷം രൂപ

38. ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിട നിർമ്മാണം, പർച്ചെയ്സ്, ആവർത്തന ചെലവുകൾ, ചാക്കയിൽ ഐ.എച്ച്.ആർ.ഡി.ക്കായി അനുവദിച്ച സ്ഥലത്ത് കെട്ടിടനിർമ്മാണം എന്നീ ചെലവുകൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 709 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-04-001-93—തുടർവിദ്യാഭ്യാസ കേന്ദ്രം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 200 ലക്ഷം രൂപ

39. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിക്കായി ബഹുനില കെട്ടിട നിർമ്മാണം, പാലക്കാട് സിവിൽ സർവ്വീസ് അക്കാഡമിയുടെ ഉപകേന്ദ്രം ആരംഭിക്കുക, സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, സിവിൽ സർവ്വീസ് പ്രിലിമിനറി പാസാകുന്ന കേരളീയരായ വിദ്യാർത്ഥികൾക്ക് മെയിൻ പരീക്ഷയ്ക്കും ഇന്റർവ്യൂവിനും സൗജന്യ പരിശീലനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുടെ പ്രവർത്തന വിപുലീകരണം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുടെ മൂന്നാംഘട്ട കെട്ടിട നിർമ്മാണം, തൊഴിൽ സാദ്ധ്യത വിപുലീകരണ പദ്ധതിപ്രകാരം സബ്സെന്ററുകളിൽ നൈപുണ്യ വികസന സെന്ററുകൾ ആരംഭിക്കുക, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് പ്രാരംഭ പ്രവർത്തനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്റർ, പൊന്നാനി കെട്ടിട നിർമ്മാണം എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 202.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാ ചെലവുകൾ, വാടക, വൈദ്യുതി, അറ്റകുറ്റപ്പണികൾ തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ 2201-04-001-93 സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (നോൺ പ്ലാൻ) എന്ന ഹെഡ് പുനഃസ്ഥാപിച്ച് 101.8 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-58—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 275 ലക്ഷം രൂപ

41. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-800-73—വൈകല്യപഠനത്തിൽ മികവിന്റെ കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 100 ലക്ഷം രൂപ

42. എൽ.ബി.എസ്. സെന്ററിന്റെ 2013-14-ലെ പദ്ധതികളായ വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള പുനരധിവാസവും അവർക്ക് പരിശീലനം നൽകുന്ന ബിരുദാനന്തര ബിരുദ ഡിപ്ലോമ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കുമുള്ള ഗവേഷണ സഹായങ്ങൾ, സേവന വിപുലീകരണ പരിപാടികൾ, വൈകല്യമുള്ളവരുടെ കഴിവ് വികസനത്തിനുതകുന്ന പരിപാടികൾ, കോൺഫറൻസുകളും സെമിനാറുകളും കൗൺസലിംഗ് സേവനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പൂജപ്പുരയിലെ സെന്റർ ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസിലെ സ്റ്റാൾ സർവ്വീസ്, പേരന്റ് നെറ്റ് വർക്ക് പ്രോജക്ട്, ഫൈൻ ആർട്സ് പ്രോഗ്രാം, ഹോർട്ടികൾച്ചർ തെറാപ്പി പ്രോജക്ട്, വിദ്യാർത്ഥികൾക്ക് അന്തർവിഷയ സംബന്ധമായ പരിശീലനം, അടിസ്ഥാന സൗകര്യ വികസനം, പലവിധമായ പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 77 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-800-58—കേരള ചരിത്ര ഗവേഷണ കൗൺസിൽ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 500 ലക്ഷം രൂപ

43. ചരിത്ര ഗവേഷണ കൗൺസിലിന്റെ പദ്ധതികളായ ഗവേഷണ ഫെലോഷിപ്പുകൾ, കേരളത്തിന്റെ ചരിത്ര ഭൂപട നിർമ്മാണം, പുരാവസ്തു പര്യവേഷണവും സർവ്വേയും, കേരളത്തിന്റെ സമകാലീന ചരിത്ര ഗ്രന്ഥശേഖരം തയ്യാറാക്കുക, കേരളത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ട രേഖകളുടെ ഡിജിറ്റൈസേഷൻ, മലയാളികളുടെ കുടിയേറ്റവുമായി ബന്ധപ്പെട്ട പഠനം, ലൈബ്രറി നവീകരണം, പ്രസിദ്ധീകരണങ്ങൾ, അന്താരാഷ്ട്രതലത്തിൽ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുക, മുസിരീസ് പൈതൃക പദ്ധതി, ചരിത്ര ഗവേഷണ കൗൺസിലിന്റെ കെട്ടിട നിർമ്മാണം, ഓഫീസ് നവീകരണം എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 41.84 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-800-73—ഉന്നതവിദ്യാഭ്യാസ കൗൺസിൽ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,100 ലക്ഷം രൂപ

44. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ സെന്റർ ഫോർ റിസർച്ച് ഓൺ പോളിസീസ് ഇൻ ഹയർ എഡ്യൂക്കേഷൻ, സെന്റർ ഫോർ കരിക്കുലം ഡെവലപ്മെന്റ് ആന്റ് എക്സാമിനേഷൻ റിഫോംസ്, സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് എന്നിവയുടെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ, നിലവിലുള്ള മൂന്ന് കോളേജ് ക്ലസ്റ്ററുകൾക്ക് അധിക സാമ്പത്തിക സഹായം, ഇൻസ്റ്റിറ്റ്യൂഷൻ-ഇൻഡസ്ട്രി പ്ലാറ്റ്ഫോം രൂപീകരണം, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമും ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാമും, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരണം, പ്രോജക്ട് ഫൈനാൻസിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാർക്കുള്ള പരിശീലനം, സ്കോളർഷിപ്പ് വിതരണം, എറുഡേറ്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 937 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,600 ലക്ഷം രൂപ

പദ്ധതിയേതരം : 9,577 ലക്ഷം രൂപ

45. കോഴിക്കോട് സർവ്വകലാശാല നടപ്പിലാക്കുന്ന വിവിധ അക്കാഡമിക പ്രവർത്തനങ്ങൾ, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജ/ജല സംരക്ഷണ പ്രവർത്തനം, സർവ്വകലാശാലയുടെ പുതിയ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് നിലവിൽ പദ്ധതിയിനത്തിൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 8,641 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. കോഴിക്കോട് സർവ്വകലാശാലയിലെ ശമ്പള പരിഷ്കരണംമൂലമുണ്ടായ അധികബാധ്യത നിറവേറ്റുന്നതിന് പദ്ധതിയേതരയിനത്തിൽ 4437.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-99—കേരള സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം—പദ്ധതിവിഹിതം : 2,000 ലക്ഷം രൂപ

പദ്ധതിയേതരം : 14,265 ലക്ഷം രൂപ

47. കേരള സർവ്വകലാശാലയിൽ ശമ്പളം, പെൻഷൻ, അലവൻസുകൾ മറ്റ് പദ്ധതിയേതര ചെലവുകൾ എന്നിവയിലുണ്ടായ വർദ്ധനവ് നേരിടുന്നതിന് പദ്ധതിയേതര ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,765.82 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-93—<u>സംസ്കൃത സർവ്വകലാശാല</u>

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,000 ലക്ഷം രൂപ

പദ്ധതിയേതരം : 2,918 ലക്ഷം രൂപ

48. ശ്രീശങ്കരാചാര്യ സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനം മറ്റ് സർവ്വകലാശാലകളെ അപേക്ഷിച്ച് കുറവായതിനാലും അധികവരുമാനം ലഭിക്കുന്ന സ്വാശ്രയ കോഴ്സുകളും സ്ഥാപനങ്ങളും ഈ സർവ്വകലാശാലയിൽ ഇല്ലാത്തതിനാലും പദ്ധതിയേതര ഇനങ്ങളിലുണ്ടാകുന്ന അധിക ചെലവ്, യു.ജി.സി. ശമ്പള കുടിശ്ശിക, ആർ.ഐ.ഡി.എഫ്. സ്കീം, നിലവിലുള്ള ബാധ്യതകൾ, നാക് അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവ് എന്നിവ നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ <u>ഈ ശീർഷകത്തിൽ 6037.69 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

2202-03-102-92—<u>കണ്ണൂർ സർവ്വകലാശാല ധനസഹായം</u>

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,500 ലക്ഷം രൂപ

പദ്ധതിയേതരം : 1,562 ലക്ഷം രൂപ

49. കണ്ണൂർ സർവ്വകലാശാലയിൽ ഭൂമി ഏറ്റെടുക്കുക, നിർമ്മാണ പ്രവർത്തനങ്ങൾ, നിലവിലുള്ള പഠന വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തുക, പുതുതായി പഠന വിഭാഗങ്ങൾ രൂപീകരിക്കുക, നിലവിലുള്ള പഠന ഇതര വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തുക, പുതുതായി യൂണിവേഴ്സിറ്റി സെന്ററുകളും മറ്റു വിഭാഗങ്ങളും രൂപീകരിക്കുക, ഗവേഷണ പദ്ധതികൾ, സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക, മഴവെള്ള സംഭരണി നിർമ്മാണം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 2,535 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

50. കണ്ണൂർ സർവ്വകലാശാലയിൽ അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി <u>പദ്ധതിയേതര ഇനത്തിൽ 460 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-03-102-97—<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,600 ലക്ഷം രൂപ

പദ്ധതിയേതരം : 5,985 ലക്ഷം രൂപ

51. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അടിസ്ഥാനസൗകര്യ വികസനവും നിർമ്മാണ പ്രവർത്തനങ്ങളും, ലബോറട്ടറി/ലൈബ്രറി നവീകരണം, നിലവിലുള്ള സ്കൂൾ/ഡിപ്പാർട്ട്മെന്റ് മെച്ചപ്പെടുത്തുക, കമ്പ്യൂട്ടർവൽക്കരണം, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. <u>ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 900 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

52. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ശമ്പളം, പെൻഷൻ, പരീക്ഷാ ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, മറ്റ് ബാധ്യതകൾ എന്നിവ നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 1015 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-102-99—കൊച്ചി യൂണിവേഴ്സിറ്റി

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,400 ലക്ഷം രൂപ

പദ്ധതിയേതരം : 5,400 ലക്ഷം രൂപ

53. കൊച്ചി സർവ്വകലാശാലയ്ക്ക് അടിസ്ഥാനസൗകര്യ രംഗത്ത് നിലവിലുള്ള പരിമിതികളും അപര്യാപ്തതകളും പരിഹരിച്ച് ഭാവി അക്കാദമിക് പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതിയിനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3,230 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. കൊച്ചി സർവ്വകലാശാലയിൽ 2010 മുതൽ നടപ്പാക്കിയ ശമ്പള/പെൻഷൻ പരിഷ്കരണംമൂലമുണ്ടായ അധികബാധ്യത, ധനകമ്മി നികത്തുന്നതിന് ഇതര സ്രോതസ്സുകളിൽ നിന്നെടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ്, പദ്ധതിയേതര ചെലവുകളിൽ ഉണ്ടാകുന്ന വർദ്ധനവുമൂലമുള്ള അധികബാധ്യത എന്നിവ നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്ത മായതിനാൽ ഈ ഇനത്തിൽ 8,000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-89—കോഴിക്കോട് ലോ കോളേജ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 70 ലക്ഷം രൂപ

പദ്ധതിയേതരം : 189.99 ലക്ഷം രൂപ

55. കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിലെ ഇലക്ട്രിക്കൽ വർക്കുകൾ, ലൈബ്രറി ഡിജിറ്റൈസേഷൻ, സോളാർ പാനൽ സ്ഥാപിക്കുക, ഉപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുക എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 30 ലക്ഷം രൂപയും 2013-14 വർഷത്തെ വർക്ക്ലോഡ് അനുസരിച്ച് ബി.ബി.എ., എൽ.എൽ.ബി. എന്നിവയ്ക്ക് അധികമായി ആവശ്യം വരുന്ന ഗസ്റ്റ് ലക്ചറർമാർക്ക് ശമ്പളം നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-92—തിരുവനന്തപുരം ലോ കോളേജ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 80 ലക്ഷം രൂപ

പദ്ധതിയേതരം : 237.26 ലക്ഷം രൂപ

56. തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിൽ മേട്രൻ, സെക്യൂരിറ്റി സ്റ്റാഫ് എന്നിവർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 2.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-99—ലോ കോളേജുകൾ ഉൾപ്പെടെ കോളേജുകളുടേയും ഹോസ്റ്റലുകളുടേയും കെട്ടിട നിർമ്മാണം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,340 ലക്ഷം രൂപ

57. ലോ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണത്തിനുള്ള പല പണികളും ടെണ്ടർ ചെയ്യുകയും ആരംഭിക്കുകയും ചെയ്തെങ്കിലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 1000 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-96—കോളേജുകളുടേയും ഹോസ്റ്റലുകളുടേയും കെട്ടിട നിർമ്മാണം (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 300 ലക്ഷം രൂപ

58. നെടുമങ്ങാട് ഗവൺമെന്റ് കോളേജ് അഡീഷണൽ ഫ്ളോർ, പുല്ലൂറ്റ് കെ.കെ.റ്റി.എം. ഗവൺമെന്റ് കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കൽപ്പറ്റ ഗവൺമെന്റ് കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനും പല സർക്കാർ കോളേജുകളിലെയും ഭൗതിക സൗകര്യ വികസനം നടത്തുന്നതിനും അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പുതിയ പണികൾ ഏറ്റെടുക്കുന്നതിനായി 1500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-103-99—ടെക്നിക്കൽ ഹൈസ്ക്കൂളുകൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 150 ലക്ഷം രൂപ

59. കുളത്തൂർ, അടിമാലി, ഉളളൂർ, മാനന്തവാടി, കൊടുങ്ങല്ലൂർ, ചെറുവത്തൂർ, നടുവിൽ, തിക്കോയി, ദ്വാരക, കൃഷ്ണപുരം, നന്നാമുക്ക് എന്നീ ടെക്നിക്കൽ ഹൈസ്ക്കൂളുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും പുറപ്പുഴ, ഉള്ളൂർ തുടങ്ങിയ ടി.എച്ച്.എസ്കളുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുമായി 2013-14-ലേക്ക് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-104-99—പോളിടെക്നിക്കുകൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 180 ലക്ഷം രൂപ

60. പോളിടെക്നിക്കുകളിലെ കെട്ടിടനിർമ്മാണത്തിനായി അനുവദിച്ച പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 2,500 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-104-96—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം—ഇല്ല

61. വെച്ചൂച്ചിറ, കടത്തുരുത്തി പോളിടെക്നിക്കുകളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനും മറ്റു പല പോളിടെക്നിക്കുകളുടെയും വികസന ജോലികൾ ഏറ്റെടുക്കുന്നതിനും ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ 200 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-96—മുൻ പദ്ധതിക്കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം—ഇല്ല

62. ഇടുക്കി, വയനാട് എഞ്ചിനീയറിംഗ് കോളേജുകൾക്ക് പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും പല കോളേജുകളുടേയും വികസന ജോലികൾ ഏറ്റെടുക്കുന്നതിനും ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1500 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-800-86—ഐ.ടി.ഐ.കളിൽ സ്ത്രീകൾക്കായി വിശ്രമ മുറികൾ, ഡ്രെസ്സിംഗ് റൂമുകൾ, ടോയ്‌ലറ്റുകൾ എന്നിവയുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം—ഇല്ല

63. ഈ ശീർഷകത്തിൽ 2013-14-ലേക്ക് തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 150 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-71—സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി—ധനസഹായം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 6,470 ലക്ഷം രൂപ

പദ്ധതിയേതരം : 3,921.42 ലക്ഷം രൂപ

64. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള എല്ലാ ഗവേഷണ സ്ഥാപനങ്ങളും നോൺ പ്ലാൻ ഇനത്തിൽ വർഷങ്ങളായുള്ള അപര്യാപ്തമായ വിഹിതം കാരണം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലും കേന്ദ്രസർക്കാരിന്റെ ശമ്പളഘടന അനുസരിച്ച് കൗൺസിലിലെ

ശാസ്ത്രജ്ഞർക്ക് ശമ്പളം നൽകുന്നതിനാലും, 9-ാം സംസ്ഥാന ശമ്പളപരിഷ്കരണ കമ്മീഷൻ നടപ്പിലാക്കിയതിൽ കുടിശ്ശിക നൽകാനുള്ളതിനാലും നടപ്പുസാമ്പത്തിക വർഷത്തിൽ 4,246.35 ലക്ഷം രൂപയുടെ അധികബാധ്യത വരുന്നതിനാൽ ഈ ശീർഷകത്തിൽ 4,246.35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-60—ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, പാമ്പാടി

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 1,000 രൂപ

65. ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2013-14 വർഷത്തെ പ്രവർത്തനങ്ങൾക്കായി 2.5 കോടി രൂപ ആവശ്യമാണെങ്കിലും ബഡ്ജറ്റിൽ 1000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കായിക യുവജനകാര്യ വകുപ്പ്**

2204-00-104-61—മലപ്പുറം മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മാണം

ബഡ്ജറ്റ് വിഹിതം—ഇല്ല

66. മലപ്പുറം മഞ്ചേരിയിലെ സ്റ്റേഡിയത്തിന്റെയും സ്പോർട്സ് കോംപ്ലക്സിന്റെയും നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-97—കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 998.36 ലക്ഷം രൂപ

67. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാരുടെ ശമ്പളം, സർവ്വീസ് പെൻഷൻ, ഡി.എ., ഡി.എ. കുടിശ്ശിക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-98—യൂത്ത് വെൽഫെയർ ബോർഡ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,750 ലക്ഷം രൂപ

പദ്ധതിയേതരം : 20.75 ലക്ഷം രൂപ

68. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതികളായ കേരളോത്സവം, യുവശക്തി, ബ്ലോക്ക് യൂത്ത് റിസോഴ്സ് കേന്ദ്രങ്ങളുടെ സ്ഥാപനം, സ്റ്റേറ്റ് യൂത്ത് ഭവൻ (തലസ്ഥാനത്ത് ആസ്ഥാനമന്ദിരം) നിർമ്മാണം, യുവജനസംഗമം എന്നിവയ്ക്കായി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 35 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, റ്റി. എ., ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 175 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാംസ്കാരികകാര്യ വകുപ്പ്**

2205-00-102-97—കേരള സാഹിത്യ അക്കാഡമി ധനസഹായം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 200 ലക്ഷം രൂപ

പദ്ധതിയേതരം : 87.84 ലക്ഷം രൂപ

69. കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്തു മുന്നോട്ടുവെച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ദേശീയ സാഹിത്യസമ്മേളനം, ലോക കാവ്യോത്സവം പോലുള്ള പദ്ധതികൾ നടത്തുന്നതിനും മലയാളം ശ്രേഷ്ഠ ഭാഷാ പദവിയിൽ എത്തുന്നതോടെ പ്രാചീന ഗ്രന്ഥങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഇന്റർ നെറ്റിൽ ലഭ്യമാക്കുന്നതിനുള്ള ഡിജിറ്റൈസേഷൻ പദ്ധതി ത്വരിതപ്പെടുത്തുന്നതിനും കമലാസുരയ്യ സാംസ്കാരിക സമുച്ചയം പണി പൂർത്തിയാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും സാഹിത്യ അക്കാഡമിയിലെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് സ്ഥാപന ചെലവുകൾക്കുമായി പദ്ധതിയേതര ഇനത്തിൽ 52.16 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-96—ജവഹർ ബാലഭവൻ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 80 ലക്ഷം രൂപ

പദ്ധതിയേതരം : 38.50 ലക്ഷം രൂപ

70. തിരുവനന്തപുരം ജവഹർ ബാലഭവന്റെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെയും കുട്ടികളുടെ താമസത്തിനായി 200 കിടക്കകളുള്ള ഡോർമെട്രിയുടെയും നിർമ്മാണത്തിനും ജവഹർലാൽ നെഹ്റുവിന്റെ അർദ്ധകായ പ്രതിമ സ്ഥാപിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 280 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. കേരളത്തിലെ അഞ്ച് ജവഹർ ബാലഭവനുകളിലേയും ജീവനക്കാരുടെ ശമ്പള പരിഷ്കരണംമൂലമുണ്ടായിട്ടുള്ള അധികബാധ്യത നേരിടുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 236 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-40—വിവിധോദ്ദേശ സാംസ്കാരിക സമുച്ചയ സംഘം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 55 ലക്ഷം രൂപ

പദ്ധതിയേതരം : 1,000 രൂപ

72. മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് സൊസൈറ്റി (വൈലോപ്പിള്ളി സംസ്കൃതി ഭവൻ)യുടെ പദ്ധതികളായ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുക, പ്രതിവാര പരിപാടികളിൽ കൂടുതൽ കലാകാരന്മാരെ പങ്കെടുപ്പിക്കുകയും അവർക്ക് പ്രതിഫലം വർദ്ധിപ്പിച്ച് നൽകുകയും ചെയ്യുക, ഓഫീസ് കമ്പ്യൂട്ടർവൽക്കരണം, ഫർണീച്ചർ വാങ്ങുക, ലൈബ്രറി വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, വിവിധ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ, വനിതാ കൂട്ടായ്മ, വിദേശികൾക്കായി കൾച്ചറൽ ടൂറിസം, മഴയിൽ തകർന്ന സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം, കൂത്തമ്പലത്തിലെ രംഗമണ്ഡപ ത്തിന്റെ മേൽക്കൂര നിർമ്മാണം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 99 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിലേക്കായി പദ്ധതിയേതര ഇനത്തിൽ 21 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-97—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 100 ലക്ഷം രൂപ

പദ്ധതിയേതരം : 87.90 ലക്ഷം രൂപ

73. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപ്പു പദ്ധതികളായ കുട്ടികൾക്കുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, തളിര് ബാലമാസിക പ്രസിദ്ധീകരണം, തളിര് വായനാമത്സരം, ബാലസാഹിത്യ അവാർഡുകൾ, വർക്ക് ഷോപ്പ്/ സെമിനാർ, ഓൺലൈൻ പ്രവർത്തനങ്ങൾ, പരസ്യം, ബുക്ക് എക്സിബിഷൻ, ബാല സാഹിത്യ രചയിതാക്കൾക്കുള്ള ഗ്രാന്റ്, പദ്ധതി നടത്തിപ്പ് എന്നിവയ്ക്കും പുതിയ പദ്ധതികളായ ഇന്റർനാഷണൽ പുസ്തക പ്രദർശനം, പാലാ കെ. എം. മാത്യു അവാർഡ്, പുസ്തകശാല, സഞ്ചരിക്കുന്ന പുസ്തകശാല എന്നിവയ്ക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 89 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണച്ചെലവുകൾ തുടങ്ങിയ വയ്ക്കായി പദ്ധതിയേതര ഇനത്തിൽ 136.04 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 38 ലക്ഷം രൂപ

74. കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ കൾച്ചറൽ ടൂറിസം & ടൂറിസ്റ്റ് അമിനിറ്റീസ് സെന്റർ, നാഷണൽ മ്യൂസിയം ഓഫ് ഹെറിറ്റേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് & ഡവലപ്മെന്റ്, ഇന്റർ നാഷണൽ കൺവെൻഷൻ സെന്റർ, ഇന്റർനാഷണൽ ലൈബ്രറി, ലിവിംഗ് ആതേഴ്സ്,

സെന്റർ ഫോർ സ്റ്റഡി ഓഫ് ഇന്ത്യൻ ആർട്സ് എന്നിവ നടപ്പാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (മൂലധനവിഹിതം)

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 500 ലക്ഷം രൂപ

75. കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൈരളി/ശ്രീ തിയേറ്റർ കോഴിക്കോട്, കൈരളി/ശ്രീ തിയേറ്റർ, ചിത്രാഞ്ജലി തിയേറ്റർ നോർത്ത് പറവൂർ, ചിത്രാഞ്ജലി തിയേറ്റർ, ചേർത്തല എന്നീ നാല് തിയേറ്ററുകളുടെ നവീകരണത്തിനും ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 1,000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-65—മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 141.15 ലക്ഷം രൂപ

76. കലാമൂല്യമുള്ള ചലച്ചിത്രങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളിൽ തുടർച്ചയായി പ്രദർശിപ്പിക്കുന്നതുമൂലം പ്രതിവർഷം ഏകദേശം 30 ലക്ഷം രൂപ കോർപ്പറേഷന് നഷ്ടം ഉണ്ടാകുന്നുണ്ട്. കൂടാതെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന മലയാള ചലച്ചിത്രങ്ങൾക്ക് നൽകിവരുന്ന സബ്സിഡി 4 ലക്ഷത്തിൽനിന്നും 10 ലക്ഷമായി ഉയർത്തുന്നപക്ഷം 300 ലക്ഷം രൂപ അധികം വേണ്ടിവരും. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 330 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-97—കേരള കലാമണ്ഡലം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 800 ലക്ഷം രൂപ

പദ്ധതിയേതരം : 405 ലക്ഷം രൂപ

77. കേരളത്തിലെ ക്ലാസിക്കൽ കലകളുടെ ഉന്നമനത്തിനും പരിശീലനത്തിനും വേണ്ടി നിലകൊള്ളുന്ന കേരള കലാമണ്ഡലത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളായ മാനവവിഭവ ശേഷി വികസിപ്പിക്കൽ, കലാസാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും വരുംതലമുറയ്ക്ക് പകർന്നുനൽകുന്നതിനും പരമ്പരാഗത കലാരൂപങ്ങൾ പ്രചരിപ്പിക്കുന്നതിനും വേണ്ടിയുള്ള ഡോക്യുമെന്റേഷൻ, ലൈബ്രറിയുടെ ശാക്തീകരണം, പുതിയ 10 കളരികളുടെ നിർമ്മാണം, കൂത്തമ്പലത്തിന്റെ നവീകരണം, വിവിധ കെട്ടിട നിർമ്മാണപ്രവർത്തനം തുടങ്ങിയവയ്ക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ്

വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 870 ലക്ഷം രൂപയും കൽപ്പിത സർവ്വകലാശാലയാക്കിയതിന്റെ ഭാഗമായുള്ള ശമ്പളപരിഷ്കരണം, അലവൻസുകൾ, സ്റ്റൈപ്പന്റ് തുടങ്ങിയ പദ്ധതിയേതര ഇന ചെലവുകൾക്കായി 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 140 ലക്ഷം രൂപ

പദ്ധതിയേതരം : 226.2 ലക്ഷം രൂപ

78. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപ്പുവർഷത്തെ പദ്ധതികളായ കെട്ടിട നിർമ്മാണം, പുസ്തക നിർമ്മാണം, ഓഫ്സെറ്റ് മെഷീൻ, കട്ടിംഗ് മെഷീൻ, ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ എന്നിവ വാങ്ങൽ, വെബ്സൈറ്റും നളന്ദ ബുക്ക്ഷോപ്പും നവീകരിക്കൽ, കൊച്ചിയിൽ പുതിയ ഷോറൂം ആരംഭിക്കൽ, ബുക്ക് ഫെയർ, ലൈബ്രറി ഓട്ടോമേഷൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് കേന്ദ്രത്തിനുവേണ്ടി വാഹനം വാങ്ങൽ എന്നിവയ്ക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 171 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, പുതിയ നിയമനം, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-91—ലളിതകലാ അക്കാഡമി

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 170 ലക്ഷം രൂപ

79. പാലക്കാട് ജില്ലയിലെ കുമ്പിടിയിൽ ഭാരതപ്പുഴയുടെ തീരത്ത് പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത വിധത്തിൽ കലാഗ്രാമം നിർമ്മിച്ച് അവിടെ കലാകാരന്മാർക്ക് താമസിച്ച് കലാസൃഷ്ടികൾ നടത്തുന്നതിന് അവസരമൊരുക്കാൻ കേരള ലളിതകലാ അക്കാഡമി ലക്ഷ്യമിടുന്നു. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് 100 ലക്ഷം രൂപയും കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരകത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് 200 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ ആകെ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 10 ലക്ഷം രൂപ

പദ്ധതിയേതരം : 7.98 ലക്ഷം രൂപ

80. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തിയ വിവിധ ഭാഷാ ന്യൂനപക്ഷങ്ങളുടെ കലാക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കേരളത്തിന്റെ സാംസ്കാരിക പൈതൃകം, കല, ചരിത്രം എന്നിവ മറ്റ് സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്തുക, ഭാഷ, പ്രാദേശികത, പാരമ്പര്യം എന്നിവയ്ക്ക് ഉപരിയായി സംസ്ഥാനങ്ങളെ തമ്മിൽ സാംസ്കാരികമായി കൂട്ടിയിണക്കി ദേശീയത

കാത്തുസൂക്ഷിക്കുക, വിവിധ സംസ്ഥാനങ്ങൾ തമ്മിലുള്ള സാംസ്കാരിക വിനിമയ പരിപാടി, കുട്ടികളിലും യുവതലമുറയിലും ദേശീയബോധം വളർത്തുക എന്നീ സ്ഥാപിതലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഭാരത് ഭവന്റെ പദ്ധതികളായ അതിഥി ദേവോഭവ, ദേശീയോദ്ഗ്രഥന പരിപാടികൾ, കേരളത്തനിമ, ഭാഷാ ന്യൂനപക്ഷ സംഗമം, മറുനാടൻ ഭാഷാ പരിചയം, അഫിലിയേറ്റഡ് അസോസിയേഷൻ പരിപാടികൾ, നാഷണൽ ട്രാൻസിലേഷൻ ക്യാമ്പ്, അറേബ്യൻ സാംസ്കാരിക മേളകൾ, മറുനാടൻ ആയോധന ഉത്സവം എന്നിവയുടെ നിർവ്വഹണത്തിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 98 ലക്ഷം രൂപയും ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ പദ്ധതിയേതര ഇനത്തിലുള്ള ചെലവുകൾക്കായി 31.57 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-76—ഗുരുഗോപിനാഥ് നടനഗ്രാമം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 30 ലക്ഷം രൂപ

പദ്ധതിയേതരം : 31.87 ലക്ഷം രൂപ

81. നൃത്ത-സംഗീത രംഗത്തെ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്ന ഗുരുഗോപിനാഥ് നടനഗ്രാമത്തിന്റെ ദേശീയ നൃത്ത മ്യൂസിയം പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ പ്രധാന കവാടം കലാപരമായി മോടി പിടിപ്പിക്കൽ, പ്രവേശന കവാടം മുതൽ മ്യൂസിയം വരെയുള്ള പാതയിൽ ഇന്റർലോക്ക് പാകൽ, ദേശീയ നൃത്ത മ്യൂസിയത്തിന് മുൻഭാഗത്ത് കുളംനിർമ്മിച്ച് അതിന് മദ്ധ്യ ഭാഗത്തായി ഭരതമുനിയുടെ 20 അടി ഉയരമുള്ള പ്രതിമ സ്ഥാപിക്കൽ, റോഡുവശത്തെ പ്രവേശനകവാടം നിർമ്മാണം, ഗാർഡനിംഗ് പ്രവർത്തനം ഉദ്ഘാടനം സംബന്ധിച്ച ചെലവുകൾ എന്നിവയ്ക്കും ദേശീയ നൃത്ത മ്യൂസിയം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 53 ലക്ഷം രൂപയും ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 15 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-99—പുരാവസ്തു ഗവേഷണ വകുപ്പ്

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 759.74 ലക്ഷം രൂപ

82. സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃക മേഖലയിലും ചരിത്രസ്മാരകങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുന്ന പുരാവസ്തു ഗവേഷണ വകുപ്പിൽ സംരക്ഷിത സ്മാരകങ്ങളുടെ സുരക്ഷയ്ക്കായി കൂടുതൽ ദിവസവേതനക്കാരെ നിയോഗിച്ചതുകൊണ്ടും ശമ്പളം, ഡീസൽവില, വിവിധ മ്യൂസിയങ്ങളിലേയും ഡയറക്ടറേറ്റിലേയും ഓഫീസ് ചെലവുകൾ തുടങ്ങിയവ വർദ്ധിപ്പിച്ചതുകൊണ്ടും പദ്ധതിയേതര ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-104-99—സംസ്ഥാനത്തെ പുരാതന ഗ്രന്ഥശേഖരം—മറ്റുചെലവുകൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 2 കോടി രൂപ

83. കേരളത്തിന്റെ ചരിത്രപരവും ഭരണപരവുമായ രേഖകൾ സംരക്ഷിക്കുന്നതിനായി നിലക്കൊള്ളുന്ന കേരള സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം, താളിയോലകളുടെ മ്യൂസിയം, സിഗ്നേച്ചർ മ്യൂസിയം, ഫ്രീഡം മെമ്മോറിയൽ എന്നിവയ്ക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-800-42—മുസ്സിരസ് കൊച്ചി ബൈയനയൽ

ബഡ്ജറ്റ് വിഹിതം—ഇല്ല

84. കൊച്ചിൻ ബിനാലെ ഓരോ രണ്ടു വർഷം കൂടുമ്പോഴും സംഘടിപ്പിക്കുന്നതിന് രണ്ട് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബിനാലെ നടത്തിപ്പിനായി ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ രണ്ട് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-87—നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 182.4 ലക്ഷം രൂപ

85. സാംസ്കാരിക ഡയറക്ടറേറ്റു മുഖേന നൽകിവരുന്ന കലാകാര പെൻഷൻ, നിർദ്ധനരായ കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായം, പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കുള്ള ആശ്രിത ധനസഹായം, ജവഹർ ബാലഭവനുകൾക്കുള്ള ഗ്രാന്റ്-ഇൻ-എയിഡ്, പ്രമുഖരായ കാലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 106.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-98—മ്യൂസിയം കാഴ്ചബംഗ്ലാവുകളുടെ വികസനം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1,300 ലക്ഷം രൂപ

86. മ്യൂസിയം മൃഗശാലാവകുപ്പിന്റെ പദ്ധതികളായ വയനാട്ടിലെ കുങ്കിച്ചിറയിൽ ഹെറിറ്റേജ് മ്യൂസിയവും മൃഗങ്ങളുടെ പുനരധിവാസ കേന്ദ്രവും സ്ഥാപിക്കുക, തൃത്താലയിൽ ഗ്ലാസ് മ്യൂസിയം സ്ഥാപിക്കുക, തൃശ്ശൂരിൽ വാക്സ് മ്യൂസിയം സ്ഥാപിക്കുക, മൂന്നാറിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുക, കോഴിക്കോട് പുതിയ ആർട്ട് ഗ്യാലറി സ്ഥാപിക്കുക, ശ്രീചിത്രാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുക എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-85—പൈതൃക പഠന കേന്ദ്രം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 35 ലക്ഷം രൂപ

87. സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ലൈബ്രറി കോംപ്ലക്സ് നിർമ്മാണം, പൈതൃക പ്രദേശങ്ങളുടെ പ്രാമാണീകരണം, പബ്ലിക്കേഷനുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതി യിനത്തിൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 345 ലക്ഷം രൂപ

പദ്ധതിയേതരം : 249.12 ലക്ഷം രൂപ

88. കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയുടെ പദ്ധതികളായ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവെൽ, തലസ്ഥാന നഗരിയിൽ തിയേറ്റർ കോംപ്ലക്സ്, ഇന്റർനാഷണൽ ഫിലിം സെന്റർ, ഫിലിം സൊസൈറ്റികളുടെ പോഷണവും ഉന്നമനവും, ലൈബ്രറി, ഫെല്ലോഷിപ്പും റിസർച്ചും, ചലച്ചിത്രാസ്വാദന കോഴ്സ്, പ്രസിദ്ധീകരണം, കുട്ടികൾക്കു വേണ്ടി ദൃശ്യ-ശ്രവ്യ പരിശീലന പദ്ധതി, അക്കാദമി വെബ്സൈറ്റിന്റെയും, പോർട്ടലിന്റെയും നിർമ്മാണം, അന്താരാഷ്ട്ര ചലച്ചിത്ര മേളകൾക്കുള്ള മലയാളം സിനിമകൾക്കായി പാക്കേജ്, ദേശീയ ചലച്ചിത്ര മേളയും അനുബന്ധ മേളകളും, ഡോക്യുമെന്ററി & ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ഡോക്യുമെന്റേഷൻ, മലയാള സിനിമയുടെ ഉന്നമനത്തിനുള്ള പ്രവർത്തനം എന്നിവയുടെ നിർവ്വഹണത്തിന് ബഡ്ജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 3,510 ലക്ഷം രൂപയും തിയേറ്റർ, ക്ലാസിഫിക്കേഷൻ, വെബ്മാഗസിൻ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 47.88 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-90—സംഗീത നാടക അക്കാഡമി

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 200 ലക്ഷം രൂപ

പദ്ധതിയേതരം : 79.05 ലക്ഷം രൂപ

89. കേരള സംഗീത നാടക അക്കാഡമിയുടെ അന്തർദേശീയ നാടകോത്സവം, നാടകങ്ങൾക്കും കഥാപ്രസംഗങ്ങൾക്കും നൽകുന്ന സബ്സിഡി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 201 ലക്ഷം രൂപയും ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന അധിക ബാധ്യത നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 49 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-86—കഥകളി വിദ്യാലയം (തെക്കൻ കളരി)

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 35 ലക്ഷം രൂപ

90. കഥകളി, കൂടിയാട്ടം എന്നീ കലകളുടെ പ്രചരണത്തിനും പരിപോഷണത്തിനുമായി പ്രവർത്തിക്കുന്ന മാർഗിയുടെ കഥകളി വിഭാഗത്തിൽ 26 കലാകാരൻമാർ ഉണ്ട്. ആട്ടക്കഥകൾ കൃത്യമായി ചൊല്ലിയാടി ഈ കലാകാരന്മാർക്ക് കഥകൾ ഹൃദ്യമായ രീതിയിൽ അരങ്ങത്ത് അവതരിപ്പിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും കൂടാതെ ചൊല്ലിയാടിയ കഥകൾ മാർഗിയിൽ വിശദമായ രീതിയിൽ അവതരിപ്പിക്കുന്നതിനും ശനി, ഞായർ ദിവസങ്ങളിൽ സ്കൂൾതലത്തിൽ പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് കഥകളി വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി ക്ലാസുകൾ നടത്തുന്നതിനും പരമ്പരാഗതരീതിയിൽ ജൂൺ, ജൂലൈ മാസങ്ങളിൽ കലാകാരന്മാർക്കുള്ള ഉഴിച്ചിൽ മുതലായവ നടത്തുന്നതിനും പുതിയ കഥയോ രംഗത്ത് അവതരിപ്പിച്ച് പ്രചുരപ്രചാരം ലഭിക്കാത്തചിട്ട പ്രധാനമായ കഥകളോ ചൊല്ലിയാടി അവ സമ്പൂർണ്ണമായി രംഗത്ത് അവതരിപ്പിക്കുവാനുള്ള വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും കൂടാതെ കൂടിയാട്ട വിഭാഗത്തിൽ ക്ലാസുകൾ നടത്തുന്നതിനും സ്റ്റൈപ്പന്റ് നൽകുന്നതിനും ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനും വർണ്ണാഭമായ വേഷവിധാനങ്ങൾ, കിരീടം, ആടയാഭരണങ്ങൾ, വാദ്യോപകരണങ്ങൾ തുടങ്ങിയവയ്ക്കും ഇതര ഇനങ്ങൾക്കുള്ള ചെലവുകൾക്കുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-74—നാടൻകല അക്കാഡമി

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 1 കോടി രൂപ

പദ്ധതിയേതരം : 17.85 ലക്ഷം രൂപ

91. കേരള ഫോക്‌ലോർ അക്കാഡമിയുടെ പദ്ധതികളായ കേരള ഫോക്‌ലോർ അക്കാഡമിയുടെ ട്രാവൻകൂർ ഫോക് വില്ലേജ്, വാദ്യോപകരണങ്ങളുടെ പഠന ഗവേഷണ കേന്ദ്രം, വാദ്യോപകരണങ്ങളുടെയും ഉപകരണ സംഗീതത്തിന്റെയും മ്യൂസിയം, ഫോക്‌ലോറിന്റെ പ്രചാരത്തിനും സംരക്ഷണത്തിനും വൈവിധ്യവൽക്കരണത്തിനും വേണ്ടി പുതിയ ഭരണ സമിതി ആവിഷ്കരിച്ചിട്ടുള്ള നൂതനമായ പദ്ധതികൾ, ലോക ഫോക് ഉത്സവം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 6.18 കോടി രൂപ പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കായി 1 കോടി രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 45 ലക്ഷം രൂപ

പദ്ധതിയേതരം : ഇല്ല

92. വായനാശീലം വളർത്തിയെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പദ്ധതികളായ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക, സഞ്ചരിക്കുന്ന രണ്ട് പുസ്തകശാലാ വാഹനങ്ങൾ വാങ്ങുക, കേന്ദ്ര ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുക എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ 88 ലക്ഷം രൂപയും പദ്ധതിയേതര ചെലവുകൾക്കായി 67.92 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 45 ലക്ഷം രൂപ

93. സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള അനാവർത്തനേതര ധനസഹായം ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-98—പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സ്മാരകങ്ങൾ

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 125 ലക്ഷം രൂപ

94. പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-99—നിർദ്ധനരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ധനസഹായം (ഇന്ത്യാ ഗവൺമെന്റ് ധനസഹായ പദ്ധതി)

ബഡ്ജറ്റ് വിഹിതം—ഇല്ല

95. കേന്ദ്ര സംസ്ഥാന കലാകാര പെൻഷൻ നൽകുന്നതിനുവേണ്ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഈ വർഷം നൽകുന്നതിനാൽ ഈ വർഷം തുക വകയിരുത്തേണ്ടത് ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-98—സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

ബഡ്ജറ്റ് വിഹിതം—പദ്ധതിയിനം : 120 ലക്ഷം രൂപ

പദ്ധതിയേതരം : 177.5 ലക്ഷം രൂപ

96. കേരള സംസ്ഥാന സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട് 2013-14 സാമ്പത്തികവർഷം സർവ്വവിജ്ഞാനകോശം 16-ഉം 17-ഉം വാല്യങ്ങളും വിശ്വ സാഹിത്യ വിജ്ഞാനകോശം 9-ഉം 10-ഉം വാല്യങ്ങളും പ്രസിദ്ധീകരിക്കുവാനാണ്

ഉദ്ദേശിക്കുന്നത്. വാല്യങ്ങളുടെ അച്ചടിച്ചെലവ്, പേപ്പറിന്റെ വില, വിജ്ഞാനകോശ വാല്യങ്ങൾ തയ്യാറാക്കുന്നവർക്കും പരിശോധിക്കുന്നവർക്കുമുള്ള പ്രതിഫലം, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് തുക കണ്ടെത്തേണ്ടത് പദ്ധതിയിനത്തിൽ അനുവദിക്കുന്ന ഗ്രാന്റിൽ നിന്നുമാണ്. ഈ സാഹചര്യത്തിൽ നടപ്പുവർഷം പദ്ധതി യിനത്തിൽ അനുവദിച്ച 120 ലക്ഷം രൂപയ്ക്ക് പുറമേ 46.40 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ, വാടക, വാഹന ഇന്ധനം തുടങ്ങിയ പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കായി 500 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-63—മഹാകവി മൊയിൻകുട്ടി വൈദ്യർ സ്മാരകത്തിനുള്ള സംഭാവന

ബഡ്ജറ്റ് വിഹിതം—പദ്ധതിയേതരം : 1 ലക്ഷം രൂപ

പദ്ധതിയിനം : ഇല്ല

97. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിലുള്ള മഹാകവി മൊയിൻകുട്ടി വൈദ്യർ സ്മാരകം മാപ്പിളകലാ അക്കാഡമിയായി ഉയർത്തിയ സാഹചര്യത്തിൽ 2013–14 വർഷത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2013 മേയ് 7.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VI.*